## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 1/3/2017-ലെ മറുപടിയ്ക്ക്
**ചോദ്യം നം.1023**

## കൈവല്യ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.രാജൻ | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കൈവല്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട ഭിന്നശേഷിയുള്ളവർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) മുഖേന ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന നവീന പദ്ധതിയാണ് ''കൈവല്യ''. ഭിന്നശേഷിയുള്ളവരുടെ സമഗ്ര തൊഴിൽ പുനരധിവാസം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 01.11.2016 ലെ സ.ഉ(പി)നം.174/2016/തൊഴിൽ പ്രകാരം പദ്ധതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി അമ്പതു ലക്ഷത്തി ആയിരം രൂപ (50,01,000/- രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്, (2) കപ്പാസിറ്റി ബിൽഡിംഗ്, (3) മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി, (4) സ്വയംതൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ തുല്യ പ്രാധാന്യമുള്ള നാലു ഘടകങ്ങളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്ക് ഈ പദ്ധതിയിലേക്ക് |

| | |
|---|---|
| | അപേക്ഷിക്കാവുന്നതാണ്. സ്വയം തൊഴിൽ പദ്ധതിക്ക് അൻപതിനായിരം രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നതാണ്. വായ്പയ്ക്ക് അമ്പതു ശതമാനം സബ്സിഡിയും നൽകുന്നുണ്ട്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും അപേക്ഷ സ്വീകരിച്ചു വരുന്നു. |
| ബി) സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകളെ പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | ബി) ''കൈവല്യ'' പൂർണ്ണമായും സർക്കാർ പദ്ധതിയാണ്. പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല നിലവിൽ സംസ്ഥാന തലത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർക്കാണ്. സർക്കാർ ഇതര സംഘടനകളെ പദ്ധതിയുടെ ഭാഗമാകുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.